**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1487** **12-02-2025 - ൽ മറുപടിയ്ക്ക്**

**പിൻതുടർച്ചാ പോക്കുവരവിനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ വില്ലേജ് ഓഫീസുകളിൽ പിൻതുടർച്ചാ പോക്കുവരവിനുള്ള അപേക്ഷകൾ വ്യത്യസ്ത രീതികളിൽ കൈകാര്യം ചെയ്യുന്നതിനാൽ ജനങ്ങൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലിവിലെ രീതി സങ്കീർണ്ണമായതിനാൽ പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഇത്തരം പോക്കുവരവുകൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ലാന്റ് റവന്യൂ മാന്വൽ വോള്യം VI ഖണ്ഡിക 175, പോക്കുവരവ് ചട്ടങ്ങൾ 1966 ലെ 27-ാം വകുപ്പ് എന്നിവ അനുസരിച്ചാണ് നിലവിൽ പിൻതുടർച്ചാ പോക്കുവരവ് നടപടികൾ സ്വീകരിച്ചുവരുന്നത്. ആയതിൽ മരണപ്പെട്ട ആളിന്റെ വ്യക്തി നിയമം അഥവാ പിൻതുടർച്ചാ നിയമം അനുസരിച്ചാണ് അവകാശികളെ നിർണ്ണയിക്കുന്നത്. ഇത്തരത്തിൽ പോക്കുവരവ് നടപടികൾ സ്വീകരിക്കുന്നത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>തഹസിൽദാർ അനുവദിക്കുന്ന പിൻതുടർച്ചാ സർട്ടിഫിക്കറ്റ് കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം -1 ന്റെ അനുഛേദം 95(b)(i) പ്രകാരം മരണപ്പെട്ട സർക്കാർ ജീവനക്കാരൻ അവകാശപ്പെട്ട തുകകൾ അവകാശികൾക്ക് ലഭിക്കുന്നതിനോ, കേരളാ സർവ്വീസ് ചട്ടങ്ങളുടെ ഭാഗം -II ലെ ചട്ടം 170 പ്രകാരം മരണപ്പെട്ട സർവ്വീസ് പെൻഷനറുടെ പെൻഷൻ കുടിശ്ശിക അവകാശികൾക്ക് ലഭിക്കുന്നതിനോ കേരളാ ട്രഷറി കോഡ് വാല്യം II ലെ അനുബന്ധം -3 ന്റെ ചട്ടം 42(b)1 പ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് നിക്ഷേപം നടത്തിയയാൾ മരണപ്പെടുന്ന സാഹചര്യത്തിൽ നിക്ഷേപത്തുക അവകാശികൾക്ക് ലഭിക്കുന്നതിനോ സിവിൽകോടതികളിൽനിന്നുള്ള സക്സഷൻ സർട്ടിഫിക്കറ്റുകൾക്ക് പകരമായി നിശ്ചിത സാമ്പത്തിക പരിധികൾക്കു വിധേയമായി തഹസിൽദാർ അനുവദിക്കുന്ന അവകാശ സർട്ടിഫിക്കറ്റുകൾ മതിയാകുമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.<br><br>മേൽ സാഹചര്യങ്ങൾ കൂടാതെയുള്ള തേർഡ് പാർട്ടി ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരത്തുകകളോ, ലിക്വിഡേറ്റർമാർ, സഹകരണ സംഘങ്ങൾ, ബാങ്കുകൾ, ഇതര |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള തുകകളോ അവകാശികൾക്ക് ലഭിക്കേണ്ട അവസരങ്ങളിലും, അഞ്ചുലക്ഷം രൂപ എന്ന പരിധിക്കു വിധേയമായി തഹസിൽദാർക്ക് അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കാവുന്നതാണ്.<br><br>മേൽ ആവശ്യങ്ങൾക്കല്ലാതെയുള്ള ആവശ്യങ്ങൾക്കും തർക്കമുള്ള കേസുകളിലും അനന്തരാവകാശികളെ നിർണ്ണയിച്ചു കിട്ടുന്നതിനായി സിവിൽ കോടതികളിൽ നിന്നും സക്സഷൻ സർട്ടിഫിക്കറ്റിനായോ എറണാകുളത്ത് പ്രവർത്തിച്ചവരുന്ന അഡ്മിനിസ്ട്രേഷൻ ജനറലിന്റെ കാര്യാലയത്തിൽ നിന്നുള്ള അഡ്മിനിസ്ട്രേഷൻ സർട്ടിഫിക്കറ്റിനായോ ആണ് അപേക്ഷിക്കേണ്ടത് എന്നാണ് അനന്തരാവകാശ സർട്ടിഫിക്കറ്റ് സംബന്ധിച്ച് ലാന്റ് റവന്യൂ മാന്വൽ വോള്യം VI ഖണ്ഡിക 236നിഷ്കർഷിച്ചിരിക്കുന്നത്.<br><br>ആയതിനാൽ പിൻതുടർച്ചാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പിൻതുടർച്ചാ പോക്കുവരവ് നടത്തുവാൻ സാധിക്കുകയില്ല. |
| (ബി) | പിൻതുടർച്ചാ പോക്കുവരവിന് നിലവിൽ അപേക്ഷകൻ നൽകേണ്ട രേഖകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അപേക്ഷകൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മുൻഗണന പ്രകാരമാണോ അപേക്ഷകൾ തീർപ്പാക്കുന്നത്; വിശദമാക്കാമോ? | (ബി) | മരണപ്പെട്ട വ്യക്തികളുടെ പിൻ തുടർച്ചാ നിയമപ്രകാരമുള്ള അവകാശികളെ സംബന്ധിച്ച വിവരം, ഭൂമി സംബന്ധിച്ച രേഖകൾ എന്നിവ സമർപ്പിക്കേണ്ടതാണ്. പിൻതുടർച്ചാ പോക്കുവരവ് അപേക്ഷകൾ സമർപ്പിക്കുന്നതിന് നിലവിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് മുൻഗണന പ്രകാരമാണ് അപേക്ഷകൾ തീർപ്പാക്കുന്നത്. ഒരു പട്ടാദാർ മരണമടഞ്ഞാൽ അനന്തരാവകാശികളുടെ പേരു വിവരങ്ങൾ അന്വേഷിച്ച് കണ്ടെത്തി അവകാശതർക്കം ഇല്ലാത്തപക്ഷം അനന്തരാവകാശികളുടെ പേരു വിവരങ്ങൾ അന്വേഷിച്ച് കണ്ടെത്തി അവകാശതർക്കം ഇല്ലാത്തപക്ഷം അനന്തരാവകാശികളുടെ പേരിൽ പോക്കുവരവ് നടത്തുന്നതിന് വില്ലേജ് ഓഫീസർക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്. തർക്കമുള്ള കേസുകളിൽ പിൻതുടർച്ചാവകാശനിയമം അനുസരിച്ച് അവകാശം തീർച്ചപ്പെടുത്തുന്നതിന് പോക്കുവരവ് ചട്ടങ്ങളിലെ 27-ാം വകുപ്പ് അനുസരിച്ച് ആണ് തഹസിൽദാർ നടപടികൾ സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ